
INTERIOR DESIGN

*Architects Showcase*

കാലാതീതമായി നിൽക്കുന്ന കാലിക ചേരുവ കൊണ്ട് നിറഞ്ഞതാണ് ഈ പാർപ്പിടത്തിന്റെ ഓരോ കോണും.19 സെന്റിന്റെ പ്ലോട്ടിൽ പച്ചപ്പരവതാനിക്കു നടുവിലാണ് 3100 ചതുരശ്രയടിയിൽ കാലത്തെ വെല്ലുന്ന ചാരുതയുമായി ഈ ഭവനം നിൽക്കുന്നത്. കോമ്പൗണ്ട് വാൾ മുതൽ കാഴ്ചയുടെ വിരുന്നൊരുക്കുന്ന ഈ പ്രോജക്റ്റ് ഡിസൈൻ ചെയ്തിരിക്കുന്നത് ഫൈസൽ മഞ്ചേരിയാണ്.

# നിലാവുമാ





# ളിക



**എ.എം. ഫൈസൽ**
ഡിസൈനർ, നിർമ്മാൺ ടവർ
കാലിക്കറ്റ് റോഡ്, പട്ടരുകുളം
മഞ്ചേരി, നറുകര പി.ഒ
ഫോൺ-9895978900,0483 2760285
nirmandesigner@gmail.com
www.nirmandesign.com

ഓരോ കൊല്ലം കഴിയുന്തോറും റംസാൻ നിലാവിന്റെ ചന്ത മേറുമെന്ന് പഴമക്കാർ പറയുന്നതുപോലെ തന്നെയാണ് ഫൈസൽ മഞ്ചേരിയെന്ന ഡിസൈനർ രൂപകൽപ്പന ചെയ്തൊരുക്കുന്ന പാർപ്പിടത്തിന്റെ കാര്യവും . കാണു ന്തോറും കാലം ചെല്ലുന്തോറും വീടിന്റെ ചേല് കൂടിക്കൊ ണ്ടിരിക്കും. അബൂബക്കറിനു വേണ്ടി മൊറയൂരിൽ നിർമ്മിച്ചിരി ക്കുന്ന ഈ ഭവനവും വ്യത്യസ്തമല്ല. പുതുമ വറ്റാത്ത മൊഞ്ചാണ് ഓരോ ദിനവും കാഴ്ചക്കാരനും അന്തേവാസിക്കും പകരുന്നത്.

## കാലികം

കാലാതീതമായി നിൽക്കുന്ന കാലിക ചേരുവ കൊണ്ട് നിറഞ്ഞതാണ് ഈ പാർപ്പിടത്തിന്റെ ഓരോ കോണും.19 സെന്റിന്റെ പ്ലോട്ടിൽ പച്ചപ്പരവതാനിക്കു നടുവിലാണ് 3100 ചതുരശ്രയടികളിൽ കാലത്തെ വെല്ലുന്ന ചാരുതയുമായി ഈ ഭവനം നിലനിൽക്കുന്നത്. കോമ്പൗണ്ട് വാൾ മുതൽ കാഴ്ച യുടെ വിരുന്നൊരുക്കുന്നു ഈ പ്രോജക്റ്റ്. അകത്തളത്തിൽ മാത്രം കണ്ടുവരുന്ന ഫീച്ചർ വാളിന്റെ ഒരു പതിപ്പാണ് ഫൈസൽ ഗേറ്റിലേക്ക് കൊണ്ടുവന്നിരിക്കുന്നത്. എൽ.ഇ.ഡി, സ്റ്റ്റ്റോൺ ക്ലാഡിങ്ങ്, സ്റ്റീൽ എന്നിവയുടെ പ്രൊജക്ഷനും രൂപ കല്പനയും ചുറ്റുമതിലിനും പ്രവേശന കവാടത്തിനും പുതുമ നൽകുന്ന ഘടകങ്ങളാണ്. തെങ്ങും കവുങ്ങും കാവൽനിൽക്കുന്ന പ്ലോട്ടിൽ ഹാർഡ് സ്കേപ്പിനാണ് കൂടു തൽ പ്രാധാന്യം നൽകിയിരിക്കുന്നത്. കണ്ടംപററിയായിട്ട് നിൽക്കുന്ന വീടിന്റെ മാറ്റുകൂട്ടുന്നത് മേൽക്കൂരയിലെ സിമന്റ് ടൈലും തൂണുകൾക്ക് നൽകിയിരിക്കുന്ന സ്റ്റോൺ ക്ലാഡിങ്ങും നിറവിന്യാസത്തിന്റെ പ്രത്യേകതകളുമാണ്. പ്ലാന്റർ ബോക്സും മുറ്റത്തു വച്ചിരിക്കുന്ന ഇന്റർ ലോക്കുകളും ഒക്കെ ഹാർഡ് സ്കേപ്പിന്റെ ധർമം നിർവഹി ക്കുന്നതാണ്.

## പ്രവേശനം

വീട്ടകത്തേക്കുള്ള പ്രവേശനം പോർച്ചു വഴി വുഡൻ ബ്രിഡ്ജിലൂടെ പെബിൾ ഗാർഡനും കടന്നാണ് സിറ്റൗട്ടിലേ ക്കെത്തുന്നത്. ഒരു വശത്ത് പെബിൾ ഗാർഡനും മറുവശത്ത് നാച്ചുറൽ പ്ലാന്റുകളും നട്ടിരിക്കുന്നതിനാൽ കാട്ടു ചോലയ്ക്കു



> സ്വന്തമായി ഡിസൈൻ ചെയ്തൊരുക്കുന്ന ഫർണീച്ചറാണ് ഫൈസൽ തന്റെ പ്രൊജക്റ്റുകളിലൊക്കെ ഉപയോഗിക്കുന്നത്. ഫ്ളോർ, സീലിങ്ങ്, ബ്ലൈൻഡുകൾ, അപ്ഹോൾസ്റ്ററി എന്നിവയുടെ നിറവിന്യാസവും ഭംഗിയുമായി യോജിച്ച് പോകുന്നതാണ്. ഓരോ ഫർണീച്ചറും. സീലിങ്ങിൽ ജിപ്സം ബോർഡുകൊണ്ട ഫാൾസ് സീലിങ്ങ് ചെയ്തു വുഡൻ റാഫ്റ്റുകൾ നൽകിയിട്ടുണ്ട്.



കുറുകേയുള്ള ഒരു പാലത്തിന്റെ പ്രതീതിയാണ് പകരുന്നത്. ഈ കാൽനടയാത്രക്കാർക്കുള്ള പാതയിലേക്ക് പ്രകാശമെത്തിക്കുന്നത് മുകളിലെ പർഗോള വഴിയാണ്. സിറ്റൗട്ടിലെത്തുന്നവരെ കാണാൻ പാകത്തിന് കോൺക്രീറ്റ് പോസ്റ്റുകളിൽ വുഡൻ ഇഫക്റ്റ് പകർന്നുള്ള പാർട്ടീഷൻ വിവിധോദ്ദേശ്യത്തോടെയാണ്. ഇന്റീരിയറിലേക്ക് കാറ്റും പ്രകാശവും എത്തിക്കുന്നതിനോടൊപ്പം സിറ്റൗട്ടിലെത്തുന്ന ആളുകളെ കാണാനും സാധിക്കും.

## ജീവിതശൈലിക്കിണങ്ങി

ക്ലൈന്റിന്റേയും കുടുംബാംഗങ്ങളുടേയും ജീവിത ചര്യകൾക്കും അഭിരുചിക്കും ഇണങ്ങും വിധമാണ് ഫൈസൽ ഇന്റീരിയർ ഒരുക്കിയിരിക്കുന്നത്. രണ്ട് ബാത്ത് അറ്റാച്ച്ഡ് കിടപ്പുമുറികളും ഫോയർ, ലിവിങ്ങ്, ഡൈനിങ്ങ്, ഫാമിലി ലിവിങ്ങ്, പ്രെയർ റൂം, കിച്ചൺ അടക്കമുള്ള സൗകര്യങ്ങൾ അടങ്ങുന്നതാണ് ആദ്യനില. ഡിസൈൻ, നിറം, സാമഗ്രികൾ ആശയം, അലങ്കാരങ്ങൾ, ലൈറ്റുകൾ തുടങ്ങിയവ തമ്മി



ലുള്ള അനുപാതത്തിന്റെ യോജിപ്പാണ് ഫൈസലിന്റെ അകത്തളങ്ങളെ വേറിട്ടതാക്കുന്നത്.


ഫോയറിന്റെ വലതുവശത്താണ് നടുമുറ്റവും പെബിൾ ഗാർഡനും. സൺ ലൈറ്റ് മുറിയിലെത്തിക്കുന്നത് പെബിൾ ഗാർഡനു മുകളിലുള്ള പർഗോളയാണ്. അകത്തളത്തിന് ഒരു പ്രസരിപ്പ് പകരുന്നതിനായി നടുമുറ്റത്തിനകത്ത് പെബിൾസും ഫൗണ്ടനും ഇൻഡോർ പ്ലാന്റുകളും ചുവരിൽ നിഷുകളും നൽകിയിട്ടുണ്ട്.

## സ്റ്റെയറാണ് കേന്ദ്രം

വീട്ടകത്തിന്റെ സിരാകേന്ദ്രം സ്റ്റെയറാണ്. ഏതു ഭാഗത്തു നിന്നുവന്നാലും സ്റ്റെയറിനു സമീപത്തുകൂടി ആവശ്യമുള്ള ഇടങ്ങളിലേക്ക് പോകാനാവും. സ്റ്റീൽ റെയിലിൽ വുഡും ഗ്ലാസും കൊണ്ടാണ് പടികൾ. രണ്ടു പടികൾക്കിടയിലുള്ള ഭാഗം ഫ്രോസ്റ്റഡ് ഗ്ലാസുകൊണ്ട് മറച്ചിട്ടുണ്ട്. വുഡൻ പോസ്റ്റുകളും ഗ്ലാസും കൊണ്ടാണ് റെയിൽ. സ്റ്റെയറിന്റെ ഇടതുഭാഗത്താണ് ഫാമിലി ലിവിങ്. നേരെ എതിർ വശത്ത് ഡൈനിങ്ങാണ്. പിൻഭാഗത്താണ് കിടപ്പുമുറികൾ ക്രമീകരിച്ചിരിക്കുന്നത്. പ്രാർത്ഥനാ മുറിയും അടുക്കളയും ഡൈനിങ്ങിനോടു ചേർന്ന് കിടക്കുന്നു. വെനീറും പ്ലൈവുഡും കൊണ്ടാണ് വീട്ടകത്തെ അലങ്കാരങ്ങളും ഉപയുക്തതയും സജ്ജീകരിച്ചിരിക്കുന്നത്. സ്വന്തമായി ഡിസൈൻ ചെയ്തൊരുക്കുന്ന ഫർണീച്ചറാണ് ഫൈസൽ തന്റെ പ്രൊജക്റ്റുകളിയൊക്കെ ഉപയോഗിക്കുന്നത്. ഫ്ളോർ, സീലിങ്ങ്, ബ്ലൈൻഡുകൾ, അപ്ഹോൾസ്റ്ററി എന്നിവയുടെ നിറവിന്യാസവും ഭംഗി









ഡൈനിങ്ങ്- ലിവിങ്ങ് സ്പേസുകളെ തമ്മിൽ വേർതിരിക്കുന്ന ചുവരിൽ ഒരു ടി.വി യൂണിറ്റ് നൽകിയിട്ടുണ്ട്. ഊണു കഴിക്കുന്ന സമയത്ത് ഈ ടി.വി യൂണിറ്റ് ഡൈനിങ്ങിന് അഭിമുഖമായിട്ട് തിരിക്കാവുന്നതാണ്. വെനീറും പ്ലൈവുഡും കൊണ്ട് ഇവിടെ ഷോവാൾ ചെയ്തിട്ടുണ്ട്. തികച്ചും സ്വകാര്യമായ രീതിയിലാണ് വാഷ് ഏരിയ ക്രമീകരിച്ചിരിക്കുന്നത്

യുമായി യോജിച്ച് പോകുന്നതാണ് ഓരോ ഫർണീച്ചറും. സീലിങ്ങിൽ ജിപ്സം ബോർഡുകൊണ്ട് ഫാൾസ് സീലിങ്ങ് ചെയ്തു വുഡൻ റാഫ്റ്റുകൾ നൽകിയിട്ടുണ്ട്.

ഡൈനിങ്ങ്- ലിവിങ്ങ് സ്പേസുകളെ തമ്മിൽ വേർതിരിക്കുന്ന ചുവരിൽ ഒരു ടി.വി യൂണിറ്റ് നൽകിയിട്ടുണ്ട്. ഊണു കഴിക്കുന്ന സമയത്ത് ഈ ടി.വി യൂണിറ്റ് ഡൈനിങ്ങിന് അഭിമുഖമായിട്ട് തിരിക്കാവുന്നതാണ്. വെനീറും പ്ലൈവുഡും കൊണ്ട് ഇവിടെ ഷോവാൾ ചെയ്തിട്ടുണ്ട്. തികച്ചും സ്വകാര്യമായ രീതിയിലാണ് വാഷ് ഏരിയ ക്രമീകരിച്ചിരിക്കുന്നത്. ഷാന്റിലിയറും ഫർണീച്ചർ ഡിസൈനും ത്രെഡ് കർട്ടനും റോമൻ ബ്ലൈന്റും ഒക്കെ ഊണു മുറിക്ക് മൂഡ് പകരുന്ന ഘടകങ്ങളാണ്.

## സ്റ്റോറേജിന് പ്രാധാന്യം

രണ്ടു നിലകളിലായി നാലുകിടപ്പുമുറികളാണ് ഈ വീട്ടിലുള്ളത്. നാലും നാലു രീതിയിലാണ് ചെയ്തിരിക്കുന്നതെങ്കിലും ഇവ തമ്മിലുള്ള പൊതു സാമ്യം സ്റ്റോറേജിനുള്ള സൗകര്യമാണ്. കട്ടിലിന്റെ ഇരുവശങ്ങളിലും ഡ്രോയറും വുഡൻ പാനലിങ്ങും വാക്ക് ഇൻ വാർഡ്രോബും ഓവർഹെഡ്





**രണ്ടു നിലകളിലായി നാലുകിടപ്പുമുറികളാണ് ഈ വീട്ടിലുള്ളത്. നാലും നാലു രീതിയിലാണ് ചെയ്തിരിക്കുന്നതെങ്കിലും ഇവ തമ്മിലുള്ള പൊതു സാമ്യം സ്റ്റോറേജിനുള്ള സൗകര്യമാണ്**

സ്റ്റോറേജ് സ്പേസും ചേരുന്നതാണ് സ്റ്റോറേജ് സൗകര്യം. മാസ്റ്റർ ബെഡ്റൂമിന് റെഡ് തീമാണ് ഫൈസൽ ഉപയോഗിച്ചിരിക്കുന്നത്. ഇവിടെ കട്ടിലിന്റെ ഹെഡ്റെസ്റ്റിന്റെ ഭാഗത്ത് വെനീറും പ്ലൈവുഡും ചേർന്നുള്ള പാനലിങ്ങും വുഡൻ റാഫ്റ്റുകളുമാണ് ഭംഗി പകരുന്നതെങ്കിൽ മൂന്നാമത്തെ കിടപ്പുമുറിയിൽ ലംബമായിട്ടുള്ള മൂന്ന് പാനലിങ്ങാണ് കിടപ്പുമുറിയെ ആകർഷകമാക്കുന്നത്. അക്വാ ബ്ലൂ&വൈറ്റ് തീമിലാണ് ആദ്യനിലയിലെ രണ്ടാമത്തെ ബെഡ്റൂമൊരുക്കിയിരിക്കുന്നത്. ബാത്ത് അറ്റാച്ചിഡ് ആയിട്ടുള്ളതാണ് എല്ലാ കിടപ്പുമുറികളും. ബ്ലാക്ക്- വൈറ്റ്, ബ്രൗൺ-വൈറ്റ് ആശയങ്ങളിലൂന്നിയാണ് കിടപ്പുമുറികൾ സജ്ജീകരിച്ചിരിക്കുന്നത്.

## വിശാലലോകം

കിച്ചൺ ഒരു വിശാലലോകമാണ്. ഐലന്റ് കിച്ചണും







ഫാമിലി ഡൈനിങ്ങും സ്റ്റോറേജും ഫാൾസ് സീലിങ്ങും അടക്കം ഒരു മോഡേൺ കിച്ചണിന്റെ സർവ ചേരുവകളും ഇവിടെ സമ്മേളിപ്പിച്ചിട്ടുണ്ട്. ഗ്ലാസ്സ്,വെനീർ, പ്ലൈവുഡ് എന്നിവകൊണ്ടാണ് ക്യാബിനറ്റുകളും കബോർഡുകളും തീർത്തിരിക്കുന്നത്. നാലഞ്ച് പേർക്ക് ഒരുമിച്ച് ഭക്ഷണം കഴിക്കാൻ പാകത്തിനുള്ളതാണ് കിച്ചണിലുള്ള ഫാമിലി ഡൈനിങ്ങ്. ഐലന്റ് കിച്ചൺ ആയതിനാൽ പാചകം കൂടുതൽ സൗകര്യപ്രദവുമാണ്. ആർട്ടിഫിഷ്യൽ മാർബിളാണ് കൗണ്ടർ ടോപ്പിന്. സീലിങ്ങിലെ ബീമുകളും ഹുഡിന്റെ ഡക്റ്റും മറയ്ക്കുന്നതിനു വേണ്ടി ഫാൾസ് സീലിങ്ങ് ചെയ്തിട്ടുണ്ട്.വാൾ ടൈലുപയോഗിച്ച് ചുവരുകൾ പൊതിഞ്ഞിട്ടുമുണ്ട്.

രണ്ടു കിടപ്പുമുറിയും സ്റ്റഡി ഏരിയയും അപ്പർ ലിവിങ്ങുമാണ് മുകൾ നിലയിൽ ക്രമീകരിച്ചിരിക്കുന്നത്. പൊതു ഇടങ്ങളിലൊക്കെ മിൽക്കി വൈറ്റ് മാർബിളാണ് വിരിച്ചിരിക്കുന്നത്. മറ്റുള്ളിടത്ത് സാധാരണ വൈറ്റ് മാർബിളും. പഠനമുറി മുകളിലാണെങ്കിലും താഴെ നിന്ന് ശ്രദ്ധിക്കാൻ പറ്റുന്നവിധമാണ് സജ്ജീകരിച്ചിരിക്കുന്നത്.

ബാഹ്യാകാരത്തിലെ സൗന്ദര്യത്തികവിൽ മാത്രമല്ല ഇന്റീരിയർ ചാരുതയിലും തികഞ്ഞ പക്വതയോടെയാണ് ഫൈസൽ ഈ വീടിന്റെ സംവിധാനം നിർവഹിച്ചിരിക്കുന്നത്. ഉപയുക്തതയും ഭംഗിയും ആസൂത്രണവും തികഞ്ഞ വീടുകളുടെ കൂട്ടത്തിലാണ് ഫൈസൽ ഡിസൈൻ ചെയ്തൊരുക്കിയ ഈ വീടിന്റെ സ്ഥാനവും. H